"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം-എയ്ഡഡ്-2021-22 അധ്യയന വർഷം-കോവിഡ് സാഹചര്യത്തിൽ അധ്യാപകനിയമനങ്ങൾക്ക് പ്രായപരിധിയിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(ജെ) വകുപ്പ്**

സ.ഉ.(കൈ) നം.203/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 28/09/2021

---

പരാമർശം:- 1 ) 22/ 01/ 2021 ലെ ജി.ഒ (എം.എസ്) നം .28/ 2021 /പൊ.വി.വ
2) 06/ 07/ 2021 ലെ സ.ഉ (സാധാ) നം.3287/2021/ പൊ.വി.വ
3) പൊതുവിദ്യഭ്യാസ ഡയറക്ടറുടെ 21/5/2021 ലെ എച്ച്2/3576/ 21/പൊ.വി.വ നം. കത്ത്.

**<u>ഉത്തരവ്</u>**

2019-20 വർഷത്തെ തസ്തികനിർണ്ണയം തന്നെ 2020-21 വർഷത്തേക്ക് കൂടി ബാധകമാക്കിയും 2020-21 വർഷം അനധ്യാപകരുടേയും പ്രഥമാധ്യാപകരുടെയും ഒഴികെയുള്ള അധ്യാപക ഒഴിവുകൾ നികത്താതെ തുടരേണ്ടതാണെന്നും പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. സർക്കാർ,എയ്ഡഡ് സ്കൂളുകളിൽ 2019-20 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ തന്നെ 2020-21 ,2021-22 അധ്യയന വർഷങ്ങളിലും തുടരുമെന്നും, 2021-22 വർഷം എയ്ഡഡ് സ്കൂളുകളിൽ റെഗുലർ തസ്തികകളിൽ ഉണ്ടാകുന്ന (റിട്ടയർമെന്റ് ,രാജി , പ്രൊമോഷൻ,മരണം തുടങ്ങിയവ) അധ്യാപക ഒഴിവുകൾ ചട്ടപ്രകാരമുള്ള നിയമന നടപടികൾ പാലിച്ച് 15/ 07/ 2021 മുതൽ മാനേജർക്ക് നിയമനം നടത്താവുന്നതാണെന്നും പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു.

2) 2020-21 അധ്യയനവർഷം നിയമിതരാകേണ്ടിയിരുന്ന എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് കോവിഡ്19 സാഹചര്യത്തിൽ സ്കൂൾ തുറക്കാത്തതുമൂലം നിയമനം നൽകാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെ നിയമനം ലഭിക്കേണ്ടവരിൽ 01/01/2021-ന് നിർദ്ദിഷ്ട ഉയർന്ന പ്രായപരിധിയായ 40 വയസ്സ് കഴിയുന്നവർക്ക് 2021-22 മുതൽ നിയമനമോ അംഗീകാരമോ ലഭിക്കുകയില്ല. ആയതിനാൽ ഇപ്രകാരം 01/01/2021ന് 40 വയസ്സ് കഴിയുന്നവർക്ക് മാത്രം 2021-22 അധ്യയന വർഷത്തിലോ സ്കൂൾ തുറക്കുന്നതിനനുസൃതമായോ റെഗുലർ ഒഴിവിൽ നിയമിതരാകുന്ന അർഹരായ അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് വയസ്സിളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.01/01/2021ന് 40 വയസ്സ് കഴിയുന്നവർക്ക് 2021-22 അധ്യയന വർഷത്തിലോ സ്കൂൾ തുറക്കുന്നതിനനുസൃതമായോ റെഗുലർ ഒഴിവിൽ നിയമിതരാകുന്ന അർഹരായ അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് വയസ്സിളവ് അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്നും ഈ ഇളവ് SC/ST/OBC വിഭാഗത്തിലുള്ളവർക്കും നൽകാവുന്നതാണെന്നും പരാമർശം(3) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം(2) പ്രകാരം എയ്ഡഡ് മേഖലയിൽ

2021-22 അധ്യയന വർഷത്തിൽ റെഗുലർ ഒഴിവിൽ നടത്താൻ നിർദ്ദേശിച്ചിട്ടുള്ള നിയമനങ്ങളിൽ മാത്രം, 01/01/2020 ന് നിയമനത്തിനുള്ള നിർദ്ദിഷ്ട ഉയർന്ന പ്രായപരിധി കഴിയാത്ത, എന്നാൽ, 01/01/2021ന് നിർദ്ദിഷ്ട ഉയർന്ന പ്രായപരിധി കഴിയുന്നവരായ അധ്യാപകർക്ക്, അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ, നിയമനാംഗീകാരം നൽകുന്നതിന് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചും പ്രസ്തുത ഇളവ് SC/ST/OBC വിഭാഗത്തിലുള്ളവർക്കു കൂടി ബാധകമാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (ആമുഖ കത്ത് സഹിതം)
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്വൈസ്-ബി) വകുപ്പ് (ADV-B3/107/2021-P&ARD പ്രകാരം )
ഐ &പി.ആർ.(പ്രസ് റിലീസ്) വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,കൈറ്റ് ,തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Parvathy. S.a
Date: 29-09-2021 15:27:41
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്